# ഒരു പഴയ കഥ

## ഡോ: കെ. ഭാസ്കരൻ നായർ

നമ്മുടെ രാജ്യം എത്രയോ വിദേശീയാക്രമണങ്ങൾക്കു് വിധേയമായിട്ടുണ്ടെങ്കിലും, അവയൊന്നും ഇവിടത്തെ സാഹിത്യത്തിൽ ഒരു രേഖയും ശേഷിപ്പിച്ചിട്ടില്ല എന്നതു് ഏററവും ശ്രദ്ധേയമായ വസ്തുതയാണു്. നമ്മുടെ മഹാന്മാരായ പല സാഹിത്യനായകന്മാരും, പ്രസ്തുത കലാപങ്ങൾ ഈ ഭൂവിഭാഗത്തിന്റെ ഭാഗധേയങ്ങളെ കൊടുമ്പിരിക്കൊള്ളിച്ച കാലത്താണു് ജീവിച്ചതെങ്കിലും, അവർ അവയെപ്പററിയൊന്നും ഒരക്ഷരവും പറയുകയില്ലെന്നു് പ്രതിജ്ഞ ചെയ്തതുപോലെ തോന്നിപ്പോകുന്നു. ആക്രമണം നടത്തിയവരും, അതിന്റെ ദുഃഖം അനുഭവിച്ചവരും, അതിന്നു് സാക്ഷി നിൽക്കുവാൻ ദൗർഭാഗ്യമുണ്ടായ തങ്ങളും കാലപ്രവാഹത്തിൽ മറഞ്ഞുപോകുമെന്നും, തങ്ങളുടെ വാങ്മയങ്ങൾ മാത്രമേ ഭാവി തലമുറകൾ കാണുകയുള്ളു എന്നും, അവയിലൂടെ തങ്ങൾ കണ്ട നരമേധങ്ങളുടേയും നീചകൃത്യങ്ങളുടേയും സ്മരണയെ നിലനിർത്തരുതെന്നും അവർ നിശ്ചയിച്ചിരിക്കാം. ഈ നയത്തിൽ തീക്ഷ്ണമായ പ്രതികാരബുദ്ധിയും ഉണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. അനുഗൃഹീതരായ കവികളുടെ വാക്കുകളേക്കാൾ വായ്ത്തലയുള്ളതാണു് അവരുടെ മനഃപൂർവ്വമായ വിമൂകഭാവം. ഈ വജ്റായുധത്തിനു് ഇരയാകുന്നതുപോലെ ഒരു മഹാദുഃഖമില്ല. ഇതിൽനിന്നു് രക്ഷ നേടുന്നതിനുവേണ്ടി വീരപരാക്രമികളായ ലോക ജേതാക്കളും സാമ്രാജ്യ സ്ഥാപകന്മാരും രാജാധിരാജന്മാരും എന്തുമാത്രം പാടുപെട്ടിട്ടുണ്ടെന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. കവികൾക്കും കഥാകൃത്തുകൾക്കും സമ്മാനം കൊടുത്തും, മുക്തഹസ്തമായ സംഭാവന നല്കിയും, വേണ്ടിവന്നാൽ അവരുടെ കാലുപിടിച്ചും, തങ്ങളുടെ നാമത്തെ നിലനിർത്തുവാൻ എത്രയോ കേമന്മാർ നിരന്തര യത്നം നടത്തിയിട്ടുണ്ടു്.

ആധുനികകാലത്തു് പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പ്രക്ഷേപണ വിദ്യകളും പ്രചാരത്തിൽ വന്നതിനെത്തുടർന്നു് സാഹിത്യത്തിലും സാഹിത്യകാരന്മാരിലും ആർക്കും താല്പര്യമില്ലാതായി. പത്രത്തിൽ പേരുവന്നാൽ അനശ്വരത്വം ലഭിച്ചു എന്നാണു് ഇന്നത്തെ പല 'മഹാന്മാ'രും ധരിച്ചിരിക്കുന്നതു്. ഈ ധാരണയെപ്പററി പത്രക്കാർക്കും പ്രക്ഷേപണക്കാർക്കും നല്ലതുപോലെ അറിയാം. അവർ അതിന്റെ മുതലെടുക്കുന്നുമുണ്ടു്. പക്ഷേ, ''ആറുമോ ചാമക്കഞ്ഞി? ആറിയാൽ പഴങ്കഞ്ഞി'' എന്നു പറഞ്ഞതുപോലെ, ഒരു ദിവസത്തെ അനശ്വരത്വമാണു് ഈ വഴിക്കു ലഭിക്കുന്നതു്. പഴയ സാഹിത്യംപോലെ ആരും പഴയ പത്രങ്ങൾ ആസ്വദിക്കാറില്ലല്ലൊ. എന്നാലും, ഈ തല്ക്കാല പ്രസിദ്ധിയിൽ ഭ്രമിച്ചു് സാഹിത്യത്തിന്റെ സ്വാദറിഞ്ഞ രാഷ്ട്രീയക്കാർപോലും ഹ്രസ്വദൃഷ്ടികളായി, കവികുല വൈരികളായി, സംസ്കാരത്തെ കുഴിച്ചുമൂടുവാൻ ശ്രമിക്കുന്നതു് നാം കാണുന്നുണ്ടു്. ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൺ ഒരു ദിവസത്തെ പത്രത്തിൽ തന്റെ പേരു കണ്ടില്ലെങ്കിൽ അന്നു രാത്രി ദുഃഖം മൂലം ഉറങ്ങാറില്ലായിരുന്നു എന്നു പറയുന്നു. ഇങ്ങിനെ കുറുക്കുവഴിയിലൂടെ ജീവിതകാലത്തു് അനശ്വരത്വം നേടി എന്നു വ്യാ



24

Digitized by Kerala Sahitya Akademi

മോഹിച്ച എത്രയോ കേമന്മാരെ വിസ്മൃതി വിഴുങ്ങിയിട്ടുണ്ട്. ഹിററ്ലർക്കും, മുസ്സോളിനിക്കും, സ്റ്റാലിന്നും, മാത്രമല്ല, റൂസ്വെൽററിന്നും ചിയാങ് കൈഷെക്കിന്നും, ഒരർത്ഥത്തിൽ ചർച്ചിലിന്നുപോലും, ഈ ദുർഗ്ഗതി വന്നിട്ടുണ്ട്.

ഏതായാലും നമ്മുടെ പൂർവ്വകാല സാഹിത്യത്തിൽ കുഞ്ചൻ നമ്പിയാർ മാത്രമേ ''ലന്തപറങ്കിയുമിങ്കിരിയസ്സും'' എന്ന് അക്കാലത്ത് ഈ രാജ്യം കൈയ്യേറുവാൻ ശ്രമിച്ച വിദേശീയരെപ്പററി പ്രാസംഗികമായ ഒരു പ്രസ്താവമെങ്കിലും ചെയ്തിട്ടുള്ളൂ. ചുററും കണ്ട വൈകൃതങ്ങളിൽ അങ്ങേയററത്തെ താൽപര്യം പ്രദർശിപ്പിച്ച പ്രതിഭാശാലിയായിരുന്ന ആ കവി സാർവഭൗമൻ. ഇന്നത്തെ ശൈലിയിൽ പറഞ്ഞാൽ 'ജനങ്ങളുടെ കവി'. എന്നിട്ടും ഇത്രയേ വേണ്ടൂ എന്നാണ് അദ്ദേഹം കരുതിയത്. എന്നെന്നും നിലനില്ക്കുന്ന, 'കവിതാചാതുര്യമുള്ള' സാഹിത്യം ദൃഢനിശ്ചയത്തോടെ സ്വീകരിച്ച സമ്പ്രദായം ഇതായിരുന്നു എങ്കിലും, സാമാന്യജനങ്ങളുടെ ഇടയ്ക്ക് പ്രചരിച്ച നാടൻ കഥകളിലും പുരാവൃത്തങ്ങളിലും സമകാലീനമായ ചരിത്രസംഭവങ്ങൾ ധാരാളമായി പരാമർശിക്കപ്പെട്ടിരുന്നു എന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. അവയ്ക്ക് അനുഭവൈകവേദ്യമായ ഒരു അകൃത്രിമത്വവും അത്ഭുതകരമായ ആകർഷകത്വവും കാണാവുന്നതാണ്. ഈ കഥകൾ ആരും രേഖപ്പെടുത്തുകയോ മനഃപാഠമാക്കുകയോ ചെയ്യാത്തതുകൊണ്ട് ഒന്നുരണ്ട് തലമുറ കഴിഞ്ഞാൽ വിസ്മൃതമായിപ്പോകും. അങ്ങിനെയുള്ള ഒരു പഴങ്കഥ സി. വി. രാമൻപിള്ള 'ധർമ്മരാജാ' എന്ന ആഖ്യായികയിൽ ചേർത്തിട്ടുണ്ട്.

പവതിക്കൊച്ചി എന്ന സ്ത്രീപാത്രം തന്റെ സ്നേഹഭാജനവും കഥാനായകനുമായ കേശവപിള്ളയോട് അദ്ദേഹം എവിടെനിന്ന് വിവാഹം ചെയ്യണമെന്ന് പറയുകയാണ്. ''അവരുടെ ദീർഘമായ പ്രസംഗത്തിൽ തിരുവിതാംകൂർ ചരിത്രകഥകളിൽ ഒരു പ്രജാജീവബലിക്കഥ അടങ്ങീട്ടുള്ളതുകൊണ്ട്, അവരുടെ ദേശഭാഷാനിബിഡമായിട്ടുള്ളതും, പ്രാചീനമായ ഒരു സമ്പ്രദായത്തെത്തുടർന്നുള്ളതും ആയ കഥനത്തെ അതിന്റെ രീതിക്കു ഭംഗം വരാതെ സ്വല്പംമാത്രം പരിഷ്കരിച്ചും, പദസന്ധികൾക്കും ക്രിയാപദപൂരണത്തിനും വാചകാന്തസൂചകമായും പ്രയോഗിക്കപ്പെട്ട ശബ്ദങ്ങളെ കുറച്ചും, കഴിയുന്നതും സംക്ഷേപിച്ചും'' ആണ് ഗ്രന്ഥകാരൻ അതു് ചേർത്തിരിക്കുന്നതു്.

''വിളവംകോട്ടു മണ്ഡപത്തുംവാതുക്കൽ (താലൂക്കിൽ) അരുമന അധികാരത്തിൽ (വില്ലേജിൽ) നങ്കകോയിക്കൽ വീട്ടിൽ കുറുപ്പു കുഞ്ചുപിരാട്ടി എന്ന പെരുമാനെ (മഹാനെ) എന്റെ മകൻ കേട്ടിട്ടുണ്ടോ? ആ ലന്തപ്പട (ഡച്ചുകാർ), പീരങ്കി നാട്ടിയ കപ്പലും ഉരു (കടൽവഞ്ചി)വുംകൊണ്ട് ആദ്യം കുളച്ചൽ തുറയിലടുത്ത്, കടിമുടിച്ചുതുടങ്ങിയപ്പോൾ, കപ്പൽപട കാണാൻ അറക്കട്ടി (ജനൽ–ജാലകം) ഇട്ടു പള്ളിമാടവും കെട്ടി, പള്ളിമാടത്തിനകത്ത് തമ്പുരാൻ എഴുന്നള്ളി. 'അറക്കട്ടി തുറക്കട്ടെ' എന്നു തമ്പുരാൻ കല്പന അരുളി. അപ്പോൾ 'അയ്യോ ചതിക്കല്ലെ പൊന്നുതമ്പുരാനെ! കൊതികുഴിഞ്ഞു തെറിക്കട്ടെ (അശുഭം വരാതിരിക്കുവാൻ ചെയ്യുന്ന മംഗളകർമ്മം)' എന്നുരച്ച്, ഉത്രത്തിൽ കാൽപിറന്ന്, മുപ്പത്തിരണ്ടു വയസ്സും ചെന്ന്, അരുമസ്സുരുമയായ് വളർന്ന്, തിരുമേനി കാവലും ചെയ്ത് (അംഗരക്ഷകനായി) പൊറുക്കും കുറുപ്പ്, മുൻനടക്കും തമ്പുരാനെ തടഞ്ഞു പിന്നാക്കി, 'ചാക്കേവാ' (മരണമേ വാ) എന്നു വിളിയുംകൊണ്ട്, അറക്കട്ടി തുറന്ന് കടലിലോട്ടു കണ്ണുനീട്ടി. പിന്നത്തെ കഥ ചൊൽക ആമോ? പള്ളിമാടം കെട്ടിയ വേള മുതലേ, തിരുമുടി ചൂടിയ തലകാത്ത്, കൊക്കുപോൽ പതിയിരുന്ന അക്കപ്പലാണ്ടു കരുമനക്കൂട്ടം, ചേരനാട്ടുടയാർ തമ്പുരാക്കായി ഉഴിഞ്ഞെറിഞ്ഞ (സമർപ്പിക്കപ്പെട്ട) തലപോക്കാകുംവണ്ണം ലന്തപ്പോരാളികൾ ഇടിമാലപോലെ പീരങ്കിയണിത്തീവായ്കൾ തുറന്നു. ഇടിത്തീ താങ്ങിയ തടിപോലെ തലചാഞ്ഞ് കുറുപ്പു വീഴും കാഴ്ച, തൃക്കണ്ണാൽ കണ്ടിരങ്ങി (മനസ്സലിഞ്ഞ്), തന്റെ ഉപ്പുറവിന് (ചോറു തിന്നു കാണിച്ച സ്നേഹത്തിന്) എതിരുറവായ് (പ്രതിസ്നേഹമായ്) അത്തടി (ആ ദേഹം) താങ്ങിക്കൊണ്ടോർ കുലശേഖരർ ശ്രീ വീരമാർത്താണ്ഡവർമ്മർ. ചാക്കേററു (മൃതിപ്പെട്ടു) തലയററ തടിയെ മാന്തളിർ വീരവാളിപ്പട്ടാൽ മൂടി, പൊൻതിളങ്ങും പള്ളിമേനാവേററി പെററവയർ കാണുവാനായി, വളർകൊമ്പും കുഴലുമൂതി, മുരശു പെരുമ്പറയും താക്കി (കൊട്ടി), പാണിപഞ്ചവാദ്യവും മുഴക്കി, മുത്തുക്കുട കുത്തുവിളക്ക് എന്നു തുടങ്ങി രാജപ്രസാദമുറയ്ക്കൊത്ത ആചാരാഭിമാനം അടക്കമേ ചേർത്തുകൊണ്ട് തമ്പുരാനും തിരിച്ചാർ പടയുമാക (പടയോടു കൂടി പുറപ്പെട്ടു.). ഊരിനും പേരിലും പെരിയ പൊന്നുതമ്പുരാൻ തിരുവരവറിഞ്ഞ്, കുറുപ്പിന്റെ അമ്മയാർ ചെന്ന്, പട്ടുവിരിച്ചു പൂമുഖം കയററി, പട്ടും പൊന്നും അടിയറ വച്ചു. തൃച്ചേ



Digitized by Kerala Sahitya Akademi

വടികംവണങ്ങി. തമ്പുരാൻ ഏങ്ങി വിങ്ങി കരഞ്ഞു. 'എന്തെൻ പൊന്മകനെ?' എന്നു് അമ്മയാം കനിവുകൊണ്ടു. നാട്ടിനും ആ വീട്ടിനും ഉടയാരായ തമ്പുരാൻ എന്തരുളൂ. എന്നാലും വന്നവാക്കിനു് ചേർന്ന വാക്കായി 'ഇന്നാറം മുതൽക്കിനി അമ്മയാക്കു് അരുമ മകൻ ഞാൻ തന്നേ' എന്നു പൊന്നുവായാലരുളിച്ചെയ്തു ശ്രീ വീരവഞ്ചിരാജർ. അറിവും നെറിവുമുള്ള ആ പെരുമചേർന്ന മങ്കയാർ, തൻതലയിൽ കൊണ്ട വിനയെ മനംകൊണ്ടു താങ്ങി, 'അടിയൻ പെററ പേറേ പെരുംപേറു്!' എന്നു ചൊല്ലി, രാജരാജർ മനംതടവി, ഊരറിവാൻ ആളയച്ചു്, ചന്ദനച്ചിതയുംകൂട്ടി, മകനെ എതിരേൽക്കാൻ നടയിലേ കാവൽനിന്നും അപ്പോറം അരുമയിൽ പെററെടുത്തു്, പെരുമയിൽ വളൻവന്ന മകൻ പെരുമാൻ ഉടലുറങ്ങുംവടിവെ കണ്ടുരുകി പെരുകിയ കണ്ണുനീരെ ഉള്ളിറക്കി, അപ്പെരുംകലം പിറന്ന മങ്ക, പൊൻമകനെ തഴുകിക്കൊണ്ടു് 'എന്നരശർ വാഴ്‌വീരോ! (വാഴട്ടെ)—അരുമക്കൊടിക്കുഴകാ (വിജയസൗന്ദര്യം തികഞ്ഞവനെ)—ആശമകനേ ടാ (എടാ ആശാകേന്ദ്രമായ മകനേ)—അഴകുള്ള മ ന്തി രി യേ (മന്ത്രിയേ)', എന്നു കിഴക്കു വിളിപ്പാടകത്തു നിൽക്കും ആ കൊട്ടാരത്തിൽ, തന്റെ ഉടവാരം ചാരിവച്ചു്, ഉടലോടെ സ്വർഗ്ഗം പോയ തമ്പുരാൻ (മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പൂർവ്വികൻ) കേറംക്കുമാറു്, ഒററ മൊഴി ഒപ്പാരും (മരണവിലാപം) ചൊല്ലി, പട്ടതടിയെ വീട്ടിനകത്തുകൊണ്ടുപോയി നീരാട്ടാടി.........ദുഃഖപ്പായും വച്ചു വീണു. ഇന്നും എഴുന്നീച്ചിട്ടില്ല മകനെ — എണ്ണത്തിനാലു കഴിഞ്ഞു. അവരുടെ താപത്തീ (ദുഃഖാഗ്നി) നീ അണയ്ക്കു്. അതിനു സംഗതി വന്നാൽ നീ രാജ്യത്തിനു തലവനാകും. പൊന്നു തമ്പുരാൻ ദഹനവും നടത്തി, അന്നവിടെ ദുഃഖപ്പട്ടിണിയും കിടന്നു. ശേഷം ആ സംഭവത്തിന്റെ ഓർമ്മക്കായി തമ്പുരാൻ ചെയ്തിട്ടുള്ള ഏർപ്പാടുകളെ എന്റെ മകൻ അന്വേഷിച്ചു് അറിഞ്ഞുകൊള്ളുക. നിനക്കു പൊരുന്തിയ (പൊരുത്തമുള്ള) പ്രായത്തിൽ ഒരു കൊച്ചു നങ്ക, കനകക്കനിപോലെ, അവിടെയുണ്ടു്.''

ഇതു് ചരിത്രം മാത്രമല്ല മനോഹരമായ സാഹിത്യവുമാണു്.

Grams: "PUBLICITY" P. B. No. 17

Anything in Advertisement:

GENUINE PUBLICITY
IRINJALAKUDA



Digitized by Kerala Sahitya Akademi